3752
31/3/15

# കേരള സർക്കാർ
## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം, കോഴിക്കോട് - ERNET Inida നടത്തിവന്നിരുന്ന കമ്പ്യൂട്ടർ ലാബ് ഏറ്റെടുത്തു നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 208/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 30.03.2015.

==========================================================================

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 09.05.2012, 22.12.2014 തീയതികളിലെ എച്ച് 2 -31465/11 നമ്പർ കത്തുകൾ.

## ഉത്തരവ്

കേന്ദ്ര സർക്കാരിന്റെ വിവരസാങ്കേതിക വകുപ്പ് ERNET Inida മുഖാന്തിരം ഭിന്നശേഷിയുള്ളവരുടെ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രങ്ങളായ തിരുവനന്തപുരത്തും, കോഴിക്കോടും പൂർണ്ണമായും കേന്ദ്ര സഹായത്തോടെ രണ്ടു വർഷ കാലയളവിലേയ്ക്ക് കമ്പ്യൂട്ടർ പരിശീലന പദ്ധതി നടപ്പിലാക്കിയിരുന്നു. രണ്ടു വർഷം കഴിഞ്ഞപ്പോൾ കേന്ദ്ര സഹായം നിർത്തലാക്കിയെങ്കിലും പദ്ധതി തുടരുന്നതിനായി ലാബും അനുബന്ധ ഉപകരണങ്ങളും സംസ്ഥാന സർക്കാരിന് നൽകിയിട്ടുള്ളതിനാൽ ഇവ പ്രവർത്തനക്ഷമമാക്കി പരിശീലനം തുർന്നു കൊണ്ടുപോകുന്നതിലേയ്ക്കാവശ്യമായ ചെലവുകൾക്കായി 1½ ലക്ഷം രൂപ ക്രമത്തിൽ രണ്ടു സ്ഥാപനങ്ങൾക്കുമായി 3 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തൽ '2235-02-101-84(P)' ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് പരാമർശ കത്തുകൾ പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ ERNET Inida നടത്തിവന്നിരുന്ന കമ്പ്യൂട്ടർ പരിശീലന പദ്ധതി തുടർന്നു

കൊണ്ടു പോകുന്നതിലേയ്ക്കായി '2235-02-101-84(P)' ശീർഷകത്തിൽ നിന്നും 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
6. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.